(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**R – 2147**

Reg. No. : ..............................

Name : ..................................

**Fourth Semester B.A./B.Sc. Degree Examination, July 2023**

**First Degree Programme under CBCSS**

**Language Course – Additional Language – Malayalam**

**ML 1411.1 : ദൃശ്യകലാസാഹിത്യം**

**(2021 Admission)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. ചതുർവിധാഭിനയ രീതികളിൽ ഏതിനാണ് കഥകളിയിൽ പ്രസക്തിയില്ലാത്തത് ?

2. 'ഉത്തരാസ്വയംവരം' ആട്ടക്കഥയുടെ കർത്താവാര്?

3. കിരാതം ഓട്ടൻതുള്ളലിന്റെ മൂലകഥ സ്വീകരിച്ചിരിക്കുന്നത് എവിടെനിന്ന് ?

4. കുഞ്ചൻനമ്പ്യാരുടെ ആദ്യത്തെ തുള്ളൽക്കഥ ഏത്?

5. സംസ്കൃത നാടകങ്ങളിലെ ഭരതവാക്യംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

6. വാസവദത്തയുടെ രാജ്യം ഏത് ?

7. 'ഇന്ന് നരകത്തീന്ന് തീയും പുകയും നല്ലോണം വരുന്നുണ്ടല്ലോ' - ഇവിടെ നരകം എന്ന് ഉദ്ദേശിക്കുന്നത് എന്തിനെയാണ്?

8. ഉയരുന്ന യവനിക എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

P.T.O

Scanned with CamScanner

9. ഇൻഡ്യൻ സിനിമയുടെ പിതാവ് ആര് ?

10. 'ഞാൻ ഇഷ്ടപ്പെട്ടത് ആ ശബ്ദത്തെയാണ്. എവിടെയോ കേട്ടു മറന്ന ശബ്ദം' - ആരുടെ വാക്കുകൾ ? ഏത് ശബ്ദത്തെക്കുറിച്ചാണ് പരാമർശം ?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ശോകകാലം മമ വന്ന നാളെന്നിൽ
ശോഭയല്ലുദാസീനതയിദാനിം' - ഈ പരിഭവത്തിന്റെ പ്രസക്തിയെന്ത് ?

12. 'നിന്നഴൽക്കു മൂലം കലി വന്നകമേ വാഴുന്നവൻ,
എന്നുടെ വിഷമേറ്റു നിന്നെയവൻ വിടുമുടനേ' - സന്ദർഭം വ്യക്തമാക്കുക.

13. 'യുദ്ധം ചെയ്തു തളർച്ച വരുമ്പോൾ
ബുദ്ധിയിൽ നല്ല വിവേകവുമുണ്ടാം'
ആർക്കാണ് ബുദ്ധിയിൽ വിവേകമുണ്ടാകുന്നത്? എങ്ങിനെ ?

14. തുള്ളൽ എത്രവിധം? ഇവയുടെ വേഷങ്ങളിലെ വ്യത്യാസം വിശദമാക്കുക.

15. 'ഭാഗ്യം, എന്റെ തപോവനാഗമം സഫലമായി' പത്മാവതി ഇങ്ങനെ പറയാൻ കാരണമെന്ത് ?

16. 'അറിവുള്ളവരായതുകൊണ്ട് മഹാപുരുഷന്മാർക്ക് വേഗം ദുഃഖശാന്തി ലഭിക്കും' - ഇങ്ങനെ അഭിപ്രായപ്പെട്ടതാര് ? സന്ദർഭം വിവരിക്കുക.

17. 'കഥ വായിച്ച് വായിച്ച് ദേവയാനി കഥയ്ണ്ടാക്കാനും തൊടങ്ങ്യാ' ഈ ചോദ്യത്തിന്റെ സാരമെന്ത് ?

18. 'എല്ലാവരും വലുതാവുമ്പം ഞാൻ മാത്രം ചെറുതായി' ആരാണ് ചെറുതായത് ? കാരണമെന്ത് ?

19. 'കോട്ടം തീർന്ന നാല് കോട്ടയം കഥകൾ' ഏവ ?

20. 'പക്ഷേ വേരുകൾ കൊള്ളുത്തി വലിക്കും. സ്വന്തം മണ്ണിലേക്കു തന്നെ വലിക്കും... പോന്നേ പറ്റൂ....' - നൊമ്പരം നിറഞ്ഞ ഈ വാക്കുകൾ ആരുടേതാണ് ? സന്ദർഭമേത് ?



Scanned with CamScanner

21. മാധവിക്കുട്ടിയുടെ 'നഷ്ടപ്പെട്ട നീലാംബരി' തിരക്കഥയാക്കിയപ്പോൾ ലെനിൻ രാജേന്ദ്രൻ വരുത്തിയ പ്രധാന വ്യത്യാസങ്ങൾ ഏവ ?

22. തുള്ളൽ എന്ന പ്രസ്ഥാനത്തിന് അമ്പലപ്പുഴ ക്ഷേത്രവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ഐതിഹ്യമെന്ത് ?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. നഗരം ഘോരവിപിനമാണെന്നും വനം നഗരമാണെന്നും നളന് തോന്നുന്നത് എന്തുകൊണ്ട്?

24. നളനും കാർക്കോടകനും തമ്മിലുള്ള സമാഗമരംഗം വിവരിക്കുക.

25. 'മുമ്പിലിരിക്കുന്ന സാധാരണ ജനങ്ങളെ ചിരിപ്പിച്ചു ചിന്തിപ്പിക്കുകയാണ് നമ്പ്യാരുടെ കവിതാ ലക്ഷ്യം' കിരാതം ഓട്ടംതുള്ളലിന്റെ പശ്ചാത്തലത്തിൽ നിരൂപണം ചെയ്യുക.

26. ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണനെക്കാൾ നാണം വലുതേ...
ആരാണ് ഇപ്രകാരം പ്രകോപിപ്പിക്കുന്നത്?
ആശയം വിശദീകരിക്കുക.

27. 'മതി മതി ! ഈ കഷ്ടപ്പാടിനുള്ള കൂലി കിട്ടി. ആഹാ !' ഈ അജ്ഞാതവാസത്തിനും ചില ഗുണങ്ങളുണ്ട്. വാസവദത്ത ഇങ്ങനെ ചിന്തിക്കാനുള്ള സാഹചര്യം എന്ത്?

28. നാടകം കണ്ണിന്റെ കലയാണെന്ന് ബോധ്യമുണ്ടായിരുന്ന നാടകകൃത്താണ് ഭാസൻ. 'സ്വപ്നവാസവദത്തം' ഇത് വ്യക്തമാക്കുന്നതെങ്ങനെ ?

29. കഥാപാത്രനിരൂപണം നടത്തുക - പത്മാവതി.

30. പെയ്തൊഴിയാൻ വിങ്ങുന്ന മഴ, ഏത് രാഗമാണ് അതിനൊരു കൊടുങ്കാറ്റാവുക ? ആശയം വ്യക്തമാക്കുക.

31. 'എല്ലാ പുസ്തകത്തിലും ഒരൊറ്റ കഥയാ എന്റെ കഥ' ഇങ്ങനെയൊരു സംഭാഷണത്തിലേയ്ക്ക് കഥാപാത്രത്തെ നയിച്ച സാഹചര്യം വിവരിക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മുന്നൂറു വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. നളചരിതം ആട്ടക്കഥയെ കേരളത്തിന്റെ ശാകുന്തളമെന്ന് വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനമെന്ത്? മൂന്നാം ദിവസത്തെ കഥയെ മുൻനിർത്തി ചർച്ച ചെയ്യുക.

33. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികളുടെ സവിശേഷതകൾ കിരാതം ഓട്ടൻതുള്ളലിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

34. അടുക്കള എന്ന നാടകം അവതരിപ്പിക്കുന്ന സാമൂഹിക വിഷയങ്ങൾ നിരൂപണം ചെയ്യുക.

35. മാധവിക്കുട്ടിയുടെ 'നഷ്ടപ്പെട്ട നീലാംബരി'യിലെ കഥാപാത്രങ്ങളുടെ നഷ്ടസ്വപ്നങ്ങളെ അതേ തീവ്രതയോടെ 'മഴ' എന്ന തിരക്കഥയിൽ ആവിഷ്ക്കരിച്ചിരിക്കുവാൻ ലെനിൻ രാജേന്ദ്രനു സാധിച്ചോ ? - ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

———————



Scanned with CamScanner